## കോളേജ് വിദ്യാഭ്യാസ വകുപ്പ്
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം - ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജെ.ബി. സതീഷ്കുമാറിനെ ക്ലാർക്ക്മാരുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി മുൻഗണനാക്രമം അന്തിമമായി നിശ്ചയിച്ചു പ്രസിദ്ധീകരിക്കുന്നു.

---

ഉത്തരവ് നം: സി 1/10656/2016/കോ.വി.വ. തീയതി: 28/05/2019

---

പരാമർശം:- 20/05/2019 -ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.

### ഉത്തരവ്

പരാമർശം ഉത്തരവ് പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ജെ.ബി. സതീഷ്കുമാറിനെ കെ.എസ്.& എസ്.എസ്.ആർ. ചട്ടം 13 ബി യുടെ സംരക്ഷണം നൽകി നിലവിലെ ക്ലാർക്ക്മാരുടെ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തി ടിയാന്റെ മുൻഗണനാക്രമം താൽക്കാലികമായി നിശ്ചയിച്ച് പ്രസിദ്ധീകരിക്കുകയും ആയതിൻമേൽ സീനിയോറിറ്റി സംബന്ധിച്ച് ഏതെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ 27/05/2019 -ന് മുൻപ് രേഖാമൂലം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത താൽക്കാലിക മുൻഗണനാപട്ടികയിൻമേൽ സീനിയോറിറ്റി സംബന്ധിച്ച് ആക്ഷേപമോ പരാതിയോ ലഭിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. ജെ.ബി. സതീഷ് കുമാറിന് ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് കെ.എസ്.& എസ്.എസ്.ആർ. ചട്ടം 13 ബി യുടെ സംരക്ഷണം നൽകിക്കൊണ്ട് സ്ഥാനക്കയറ്റം നൽകുന്നതിലേയ്ക്കായി ടിയാനെ 05/04/2013 -ലെ സി 2/38006/13/കോ.വി.വ. നമ്പരായി പ്രസിദ്ധീകരിച്ച ക്ലാർക്കുമാരുടെ മുൻഗണനാപട്ടികയിലെ ക്രമ നം. 203 ആയ ശ്രീമതി. നിഷ വി -യുടെയും ക്രമ നം. 204 ആയ ശ്രീ. ശംസുദ്ദീൻ എ.കെ. -യുടെയും ഇടയിൽ 203 (a) ആയി മുൻഗണനാക്രമം അന്തിമമായി നിശ്ചയിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
ഷൂജ ആർ.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. ശ്രീ. ജെ.ബി. സതീഷ് കുമാർ, ക്ലാർക്ക്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്
2. ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.ടി. 28/5/19

GOVERNMENT OF KERALA 2017-18